കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല – ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.(1) ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.3889/15/തസ്വഭവ. തിരുവനന്തപുരം, തീയതി:30/12/2015

---

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-12970/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/08/2015-ലെ LF.7572/P.T2/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2009-10, 2011-12 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1-ൽ ഗ്രാമപഞ്ചായത്തിലെ ഖാദി കേന്ദ്രത്തിൽ കക്കൂസ്, കുളിമുറി നിർമ്മാണത്തിനായി ചെലവഴിച്ച 32,669/-രൂപ ടി സ്ഥാപനം കൈമാറിക്കിട്ടിയതല്ല എന്ന കാരണത്താൽ തടസ്സപ്പെടുത്തിയിരുന്നു.ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2009-20010, 2010-2011 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ഗ്രാമപഞ്ചായത്തിലെ ഖാദി കേന്ദ്രത്തിൽ കക്കൂസ് , കുളിമുറി നിർമ്മാണത്തിനായി ചെലവഴിച്ച 32,669/- രൂപ ടി സ്ഥാപനം കൈമാറിക്കിട്ടിയതല്ല എന്ന കാരണത്താലാണ് തടസ്സപ്പെടുത്തിയത് . ഖാദി കേന്ദ്രത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ കണക്കിലെടുത്തും പഞ്ചായത്തിൽ ശുചിത്വവും ആരോഗ്യവും നിലനിർത്തുന്നതിനും വേണ്ടിയാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ

എന്നിവയുടെ അടിസ്ഥാനത്തിൽ ഈടി ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 32,669/- രൂപ (മുപ്പത്തിരണ്ടായിരത്തി അറനൂറ്റി അറുപത്തിയൊമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ